**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.42** **28.10.2019-ൽ മറുപടിക്ക്**

**<u>പി.എസ്.സി. നിയമനം</u>**

**ചോദ്യം** **ഉത്തരം**

**ശ്രീ.** എൻ. വിജയൻ പിള്ള **പിണറായി വിജയൻ**
**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | 2016 ജൂൺ മാസം മുതൽ 2019 സെപ്റ്റംബർ വരെ പി.എസ്.സി. എത്ര പേർക്ക് നിയമനം നൽകി എന്നറിയിക്കാമോ; ഈ കാലയളവിൽ പുതിയതായി സൃഷ്ടിച്ച തസ്തികകളുടെ എണ്ണം വകുപ്പ് തിരിച്ച് ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2019 സെപ്റ്റംബർ വരെ 1,16,719 (ഒരു ലക്ഷത്തി പതിനാറായിരത്തി എഴുന്നൂറ്റി പത്തൊൻപത് ) ഉദ്യോഗാർത്ഥികൾക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ 120 തസ്തികകൾ (112 സ്ഥിരം, 8 ദിവസവേതനം) സൃഷ്ടിച്ചിട്ടുണ്ട്. മറ്റ് വകുപ്പുകളിൽ സൃഷ്ടിച്ച തസ്തികകളുടെ വിശദാംശങ്ങൾ ശേഖരിച്ച് നൽകുന്നതാണ്. |
| (ബി) | അപേക്ഷ ക്ഷണിക്കൽ മുതൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത് വരെയുള്ള ജോലികൾ വേഗത്തിലാക്കാൻ പി.എസ്.സി.യ്ക്ക് സഹായകരമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ? | (ബി) | തെരഞ്ഞെടുപ്പ് പ്രക്രിയ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി ഓൺലൈൻ പരീക്ഷാകേന്ദ്രങ്ങൾ Govt/Aided എഞ്ചിനീയറിംഗ് കോളേജുകളിലേക്ക് കൂടി വ്യാപിപ്പിക്കുകയും വിവരണാത്മക പരീക്ഷകൾക്ക് onscreen marking സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനം കൂടുതൽ വേഗത്തിൽ ആക്കുന്നതിലേക്ക് സർക്കാർ 120 തസ്തികകൾ പി.എസ്.സിയിൽ സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ